ബൈബിൾ ചിത്രകഥ 35

# വിമോചകൻ

MAR LOUIS PUBLICATIONS



## ബൈബിൾ ചിത്രകഥ-35



# യേശുക്രിസ്തു -5

# വിമോചകൻ



രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

# വിമോചകൻ

മർദ്ദിതർക്കു മോചനം നൽകാൻ വേണ്ടിയാണു താൻ അയക്കപ്പെട്ടിരിക്കുന്നതെന്ന് യേശു നസ്രത്തിലെ സിനഗോഗിൽ വച്ചു പ്രഖ്യാപിച്ചു. ആ പ്രഖ്യാപനത്തിന്റെ പൂർത്തീകരണമാണ് യേശുവിൻറെ തുടർന്നുള്ള ജീവിതത്തിൽ നാം കാണുന്നത്. യേശു നൽകുന്ന മോചനത്തിന്റെ ചില ഉദാഹരണങ്ങൾ ഈ ചിത്രകഥയിൽ അവതരിപ്പിക്കുന്നു.

വിമോചനത്തിന്റെ സ്വഭാവത്തെയും അതു നേടാനുള്ള മാർഗ്ഗത്തെയും കുറിച്ച് ഇന്നെന്നതുപോലെ അന്നും പല കാഴ്ചപ്പാടുകൾ നിലവിലിരുന്നു. റോമാക്കാരെ ആയുധം ഉപയോഗിച്ചു പുറത്താക്കി മോചനം നേടിയെടുക്കാൻ ശ്രമിക്കുന്ന പല

സംഘടനകൾ യേശുവിൻറെ കാലത്തു പലസ്തീനായിലുണ്ടായിരുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണു "സെലട്ട്" എന്ന പേരിൽ അറിയപ്പെട്ടിരുന്ന തീവ്രവാദി സംഘടന. ഗലീലിക്കാരനായ ശിമയോൻ എ. ഡി. 6 ൽ സ്ഥാപിച്ചതാണിതെന്ന് പൊതുവേ കരുതപ്പെടുന്നു. ബറാബാസും കൂട്ടരും ഈ സംഘടനയുടെ അംഗങ്ങൾ ആയിരുന്നിരിക്കണം. യേശുവിൻറെ ശിഷ്യന്മാരിൽ ചിലരെങ്കിലും തീവ്രവാദികളായിരുന്നു. എന്നാൽ തീവ്രവാദികളുടെ കാഴ്ചപ്പാടിൽ നിന്നു വ്യത്യസ്തമായ ഒരു വിമോചനമാണു താൻ നൽകുന്നതെന്ന് യേശു തൻറെ പഠനങ്ങളും പ്രവർത്തനങ്ങളും വഴി വ്യക്തമാക്കി.

മനുഷ്യന് യഥാർത്ഥ മോചനം ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണു ദൈവം ഉടമ്പടിയുടെ കൽപന

കൾ നൽകിയത്. എന്നാൽ കാലക്രമത്തിൽ ആ നിയമങ്ങൾതന്നെ മതപണ്ഡിതരുടെ വ്യാഖ്യാനത്തിലൂടെ ജനത്തിനു ദുർവഹമായ ഒരു ചുമടായിത്തീർന്നു. ശുദ്ധിയെയും അശുദ്ധിയെയും കുറിച്ചുള്ള നിയമങ്ങൾ ജനത്തിൽ ഭൂരിഭാഗം പേരെ അശുദ്ധരും പാപികളുമായി മുദ്രകുത്തി. സാബത്തിനെ സംബന്ധിച്ച വ്യാഖ്യാനങ്ങൾ മോചനമെന്നതിനേക്കാൾ അടിമത്തം ഉറപ്പുവരുത്തുന്നതായിരുന്നു.

എല്ലാവിധ ബന്ധനങ്ങളിൽ നിന്നും മനുഷ്യനെ സ്വതന്ത്രനാക്കുന്നതാണ് യേശു നൽകുന്ന മോചനം. കുഷ്ഠരോഗികൾക്കു ശാരീരിക സൗഖ്യം മാത്രമല്ല ശുദ്ധിയും നൽകിക്കൊണ്ട് അവരെ വീണ്ടും സമൂഹത്തിലെ പൂർണ്ണ അവകാശമുള്ള വ്യക്തികളാക്കി മാറ്റി. അതിനു വേണ്ടിയാണു നിയമാനുസൃതമായ


കാഴ്ച സമർപ്പിക്കാൻ ആവശ്യപ്പെട്ടത്. ശാരീരിക രോഗത്തെക്കാൾ വേദനാജനകമാണു സമൂഹത്തിൽ അധഃകൃതനായി പരിഗണിക്കപ്പെടുകയെന്നത്. ചുങ്ക ക്കാരൻ മത്തായി തൊഴിലിന്റെ പേരിൽ അശുദ്ധനും പാപിയുമായി മുദ്രകുത്തപ്പെട്ടവനായി രുന്നു. അയാളുടെ വിരുന്നു സ്വീകരിക്കാൻ തയ്യാറാ വുന്നതിലൂടെ യേശു അയാൾക്കു പുതിയൊരു വ്യക്തിത്വം നൽകുന്നു. സമറിയാക്കാരി എല്ലാവിധ ത്തിലും അവഗണനയ്ക്കും അധിക്ഷേപത്തിനും ഇരയായവളാണ്. എന്നാൽ യേശു അവളെ തന്റെ ഒരു പ്രേഷിതയാക്കി മാറ്റുന്നു. മനുഷ്യനെ അടിമയാ ക്കുന്ന ഏറ്റവും വലിയ ശക്തിയാണ് പാപം. തളർ വാതരോഗിക്കു ശാരീരികസൗഖ്യം നൽകുന്നതിനു മുമ്പേ പാപമോചനമാണു നൽകുന്നത്. ദൈവവുമായി

രമ്യതയിലെത്തുന്നവർ പുതിയ മനുഷ്യരായി മാറുന്നു.

ഇപ്രകാരമുള്ള വിമോചന പ്രവർത്തികളോടൊപ്പം യേശു എല്ലാ മനുഷ്യരെയും മാനസാന്തരത്തിനു ക്ഷണിക്കുന്നതായും കാണാം. സമറിയക്കാരി തന്റെ തെറ്റുകളെക്കുറിച്ചു ബോധവതി ആവുകയും പുതിയൊരു ജീവിതം ആരംഭിക്കുകയും വേണം. ചുങ്കക്കാരൻ പണത്തോടുള്ള ആർത്തി വെടിഞ്ഞു ദൈവത്തെ സ്വീകരിക്കണം. സമാഗതമായിരിക്കുന്ന ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ജീവിതപരിവർത്തനം ആവശ്യമാണ്. പൂർണ്ണമായി ദൈവത്തിലേക്കു തിരിയുന്നതിലൂടെ മാത്രമേ യഥാർത്ഥ മോചനം ലഭിക്കുകയുള്ളൂ. ഹൃദയപരിവർത്ത

നത്തിലൂടെ സമൂഹത്തിനു പരിവർത്തനം ഉണ്ടാക്കുന്നതാണ് യേശു നൽകുന്ന മോചനം.

നസ്രത്തിൽ വച്ചു സ്വന്തജനങ്ങളാൽ തിരസ്കരിക്കപ്പെട്ട യേശു തൻറെ നാലു ശിഷ്യന്മാരോടൊപ്പം ഗലീലിയിലെ മറ്റുപട്ടണങ്ങളിലും ഗ്രാമങ്ങളിലും സുവിശേഷം പ്രസംഗിച്ചുകൊണ്ടു ചുറ്റി നടന്നു. അവർ ഒരു പട്ടണത്തെ സമീപിച്ചപ്പോൾ.




പട്ടണത്തിനു വെളിയിൽ.
അകന്നു പോ, നീ പട്ടണം അശുദ്ധമാക്കുന്നു.
ഇനി കുളിച്ചിട്ടേ വീട്ടിൽ കയറാൻ പറ്റൂ.
കുഷ്ഠരോഗികളുടെ സ്ഥാനം പട്ടണത്തിനു വെളിയിലാണ്. പൊതുവഴിയിലൂടെ നടന്നുകൂടാ.
!?


കീറിയ വസ്ത്രമേ ധരിക്കാവൂ
നടക്കുമ്പോൾ
തുണികൊണ്ടു വായ മൂടി
അശുദ്ധം, അശുദ്ധം
എന്നു വിളിച്ചു പറയണം.


ഇവറ്റകളെ ശരിക്കൊരു പാഠം പഠിപ്പിച്ചു വിടേണ്ടതാണ്.
അതാ, നസ്രത്തിലെ യേശുവാണല്ലോ ആ വരുന്നത്.


യേശുവിനെ കണ്ട കുഷ്ഠരോഗി അവൻറെ അടുക്കലേക്ക് ഓടി.
അതൊരു കുഷ്ഠരോഗിയാണ്. നേരെ ഇങ്ങോട്ടാണല്ലോ വരുന്നത്.
നമ്മളെ അവൻ അശുദ്ധനാക്കും.
ശിമയോൻ, എന്താണു ശുദ്ധി?
!


ഗുരോ, മനസ്സുണ്ടെങ്കിൽ അങ്ങേയ്ക്കു എന്നെ ശുദ്ധനാക്കാൻ കഴിയും.
എനിക്ക് മനസ്സുണ്ട്, നിനക്ക് ശുദ്ധിയുണ്ടാകട്ടെ.




ഗുരോ, എനിക്കു ശുദ്ധി വന്നിരിക്കുന്നു. ദൈവത്തിനു സ്തോത്രം.
ചെന്നു പുരോഹിതനു നിന്നെത്തന്നെ കാണിച്ചു കൊടുക്കുക. നിയമം അനുസരിച്ചുള്ള ശുദ്ധീകരണ കാഴ്ചയും കൊടുക്കുക.


അതേസമയം പട്ടണത്തിനു വെളിയിൽ.
യേശു അവനെ തൊട്ടു.
തൊടുകയോ? കെട്ടിപ്പിടിക്കുകയല്ലേ ചെയ്തത്!
കുഷ്ഠരോഗിയെ തൊടുന്നവൻ അശുദ്ധനാകും. അവരെ പട്ടണത്തിൽ കയറ്ററുത്.
അതാ, ആ കുഷ്ഠരോഗി ഇങ്ങോട്ട് തന്നെ വീണ്ടും വരുന്നു.



നിങ്ങളെന്നെ പുറത്താക്കി. പട്ടിയെപ്പോലെ കല്ലെറിഞ്ഞ് ഓടിച്ചു. എന്നാൽ യേശു എന്നെ സുഖപ്പെടുത്തി.
ഇതെന്തൊരത്ഭുതം!
നിയമം അനുസരിക്കാത്തവന്റെ പ്രവർത്തനം ദൈവത്തിൻറെ പ്രവർത്തനമല്ല.


രോഗം മാറിയെന്നതു വെറും തോന്നലാണ്. അകന്നു പോകൂ.
പുരോഹിതൻ എവിടെ? എന്നെ പരിശോധിച്ചു നോക്കട്ടെ.


പുരോഹിതൻ രോഗിയെ പരിശോധിച്ചു.
ദൈവം ഞങ്ങളെ ഉപേക്ഷിച്ചിട്ടില്ലെന്ന് ഇപ്പോൾ മനസ്സിലായി. നോക്കൂ, തൊട്ടു നോക്കൂ.
ഏഴു ദിവസം കഴിഞ്ഞു വീണ്ടും വരൂ!


അതുവരെ?
പട്ടണത്തിൽ പ്രവേശിക്കാൻ പാടില്ല.
ഇയാളുടെ രോഗം മാറിയ സ്ഥിതിക്ക് എന്തിനാണീ മുടക്ക്?


രോഗം മാറിയോ എന്നു തീർച്ചയാക്കണം. അതിനുശേഷമേ ശുദ്ധീകരണ കർമ്മം നടത്താനാവൂ.
ദൈവം അനുഗ്രഹിച്ചാലും നിങ്ങൾ കനിയില്ല അല്ലേ?


ആ നഗരത്തിലെ ഫരിസേയരും നിയമ പണ്ഡിതന്മാരും പുരോഹിതരും ഒരുമിച്ചുകൂടി ആലോചിച്ചു.
യേശുവിൻറെ ഈ പോക്ക് അപകടകരമാണ്. നമ്മൾ എന്തെങ്കിലും നടപടി ഉടനെ സ്വീകരിച്ചേ മതിയാവൂ.
റബ്ബിമാരായ നമ്മുടെ മുമ്പിൽവെച്ചല്ലേ അവൻ കുഷ്ഠരോഗിയെ കെട്ടിപ്പിടിച്ചത്.
രോഗം മാറി എന്നതു വാസ്തവമാണ്.


എന്തോ ഷുദ്രപ്രയോഗമാണിത്.
അയാളുടെ മേൽ നമുക്ക് അധികാരമില്ലല്ലോ. നസ്രസത്തുകാരനല്ലേ.


ഈ പട്ടണത്തിൽ കാലുകുത്താൻ അനുവദിക്കരുത്.
വിവരം ജറുസലേമിൽ പ്രധാന പുരോഹിതനെ അറിയിക്കാം.
അവന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും വേണം.

ജെറുസലെമിൽ പ്രധാന പുരോഹിതൻ കയ്യാഫാസും അമ്മായിയപ്പൻ
അന്നാസും ആലോചനക്കാരും തമ്മിൽ സംഭാഷണം.




പ്രവചനങ്ങൾ പൂർത്തിയായി എന്ന് അവകാശപ്പെടുന്നു. കുഷ്ഠരോഗികളുടെ കൂടെ നടക്കുന്നു. സാബത്തു ലംഘിക്കുന്നു.
ആരോപണങ്ങൾ ഗുരുതരങ്ങളാണ്. എന്നാലും നമ്മൾ ഇപ്പോൾ ഇടപെടേണ്ടതില്ല.
മുളയിലേ നുള്ളിക്കളയുന്നതാണു നല്ലത്. അല്ലെങ്കിൽ അവൻ ജനത്തെ മുഴുവൻ വഴിതെറ്റിക്കും.


തൽക്കാലം നമുക്കു രണ്ടുപേരെ ഗലീലിയിലേക്ക് അയക്കാം. റബ്ബി സാമുവേൽ, റബ്ബി ഹഗ്ഗായി, നിങ്ങൾ പോയി അവൻറെ വാക്കുകളും ചെയ്തികളും നിരീക്ഷിച്ചു വിവരം അറിയിക്കുക.


യേശുവിൻറെ കീർത്തി നാട്ടിലെങ്ങും പ്രചരിച്ചു. തീവ്രവാദികളുടെ ഇടയിലും യേശു സംസാരവിഷയമായി.
നസ്രത്തിലെ യേശു വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. ജനം മുഴുവൻ അവന്റെ പിന്നാലെ കൂടിയിരിക്കുകയാണ്.
നാം കാത്തിരിക്കുന്ന വിമോചകൻ അവനാണെന്നു സ്നാപകൻ തന്നെ സാക്ഷ്യപ്പെടുത്തിയതാണ്.
നമുക്ക് അവന്റെ കീഴിൽ സംഘടിച്ചു സ്നാപകനെ മോചിപ്പിക്കാം.
അതു പിന്നീടാവട്ടെ. അവൻറെ നീക്കങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കണം.


യൂദാസ് സ്കറിയോത്താ, ശിമയോൻ, നിങ്ങൾ അവനെ അനുഗമിക്കുക.


അവനെ ശരിക്കും പഠിച്ചു നമ്മുടെ പ്രസ്ഥാനത്തിനു പറ്റിയ ആളാണോ എന്നു മനസ്സിലാക്കണം. മാസംതോറും എന്നെ വിവരം അറിയിച്ചു കൊണ്ടിരിക്കണം.
ശരി, നാളെത്തന്നെ പുറപ്പെടുകയായി.


റബ്ബി, നൂറ്റാണ്ടുകളായി ഇസ്രയേൽ കാത്തിരുന്ന വിമോചകനാണ് അങ്ങ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.
നിങ്ങൾ ആരാണ്?
ഇത് യൂദാസ് സ്കറിയോത്താ, എൻറെ പേരു ശിമയോൻ.


ഞങ്ങൾ സ്നാപകന്റെ അനുഭാവികളായിരുന്നു. ഇപ്പോൾ അങ്ങയെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നു.
ശക്തമായ നേതൃത്വത്തിന്റെ അഭാവമാണു നമ്മുടെ അടിമത്തത്തിനു കാരണം.


ഫലത്തിൽ നിന്നാണു വൃക്ഷത്തെ അറിയുക. നിങ്ങൾക്കു ഞങ്ങളുടെ കൂടെ വസിക്കാം.


യേശു കഫർണാമിൽ പത്രോസിന്റെ വീട്ടിലെത്തി. ജനം വീട്ടിനുള്ളിലും പരിസരത്തും തിങ്ങിക്കൂടി. ആ കൂട്ടത്തിൽ ജറുസലേമിൽനിന്നു വന്ന ചാരന്മാരും ഉണ്ടായിരുന്നു.






പടിഞ്ഞാറു മേഘം ഉയരുന്നതു കണ്ടാൽ മഴ വരുന്നു എന്നു നിങ്ങൾ പറയുന്നു. തെക്കൻ കാറ്റടിക്കുമ്പോൾ വേനൽ വരുന്നു എന്നും.


പ്രകൃതിയുടെ ഭാവഭേദങ്ങൾ തിരിച്ചറിയുന്ന നിങ്ങൾ എന്തേ കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കുന്നില്ല? ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട്.
!!

അപ്പോൾ നാലുപേർ കൂടി ഒരു തളർവാത രോഗിയെ കട്ടിലിൽ എടുത്തു കൊണ്ടുവന്നു. വീട്ടിനുള്ളിൽ പ്രവേശിക്കാൻ കഴിയാത്തതിനാൽ മുകളിൽ കയറി മേൽക്കൂര മാറ്റി.




ദൈവമേ എൻറെ പാപത്തിന് ഒരു മോചനമില്ലേ? എൻറെ രോഗത്തിനൊരു ശമനമില്ലേ?


മകനേ, ധൈര്യമായിരിക്കൂ. നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.
!!!!
ഇതു ദൈവദൂഷണമാണ്. ദൈവത്തിനല്ലാതെ ആർക്കാണു പാപം മോചിക്കാൻ കഴിയുക?


നിങ്ങൾ പറയുവിൻ പാപം മോചിക്കുന്നതോ ഒരു വാക്കുകൊണ്ടു തളർവാതരോഗിയെ സുഖപ്പെടുത്തുന്നതോ ഏതാണെളുപ്പം?


ഈ കിടക്കുന്നയാൾ കിടക്കയുമെടുത്തു നടന്നു പോയാൽ മനുഷ്യപുത്രന്നു ഭൂമിയിൽ പാപങ്ങൾ മോചിക്കാൻ അധികാരമുണ്ടെന്നു നിങ്ങൾ വിശ്വസിക്കുമോ?
!?


ഞാൻ നിന്നോടു പറയുന്നു, എഴുന്നേറ്റു
കിടക്കയുമെടുത്തു വീട്ടിലേക്കു പോവുക.
!





ഹല്ലേലുയ്യാ...
!



കർത്താവേ, അങ്ങേയ്ക്കു സ്തോത്രം.
!!!!?

യേശു വീട്ടിൽനിന്നിറങ്ങി കടൽത്തീരത്തേക്കു പോയി. പല ദിക്കുകളിൽ നിന്നു വലിയൊരു ജനാവലി അവനെ അനുഗമിച്ചു.





ആകാശത്തിലെ പറവകളെ നോക്കുവിൻ. അവർ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, അറപ്പുരകളിൽ ശേഖരിക്കുന്നുമില്ല.


എങ്കിലും നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. പറവകളെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ?


വയലിലെ ലില്ലികളെ നോക്കുവിൻ. അവ എത്ര മനോഹരമായിരിക്കുന്നു.


ഇന്നുള്ളതും നാളെ തീയിൽ
എറിയപ്പെടുന്നതുമായ വയലിലെ പുല്ലിനെ
ദൈവം ഇത്ര മനോഹരമായി
അണിയിക്കുന്നെങ്കിൽ


അൽപ
വിശ്വാസികളേ
നിങ്ങളെ അവിടുന്ന്
എത്ര അധികമായി
അണിയിക്കുകയില്ല!


ആഹാരവും, വസ്ത്രവും, പാർപ്പിടവും, എല്ലാം നിങ്ങൾക്ക് ആവശ്യമാണെന്നു പിതാവിനറിയാം.


നിങ്ങൾ ആദ്യം
അവിടുത്തെ രാജ്യവും
അവിടുത്തെ നീതിയും
അന്വേഷിക്കുവിൻ.
അതോടൊപ്പം
മറ്റുള്ളവയെല്ലാം
നിങ്ങൾക്കു ലഭിക്കും.


നാളെയെക്കുറിച്ചു നിങ്ങൾ
ആകുലരാകേണ്ട. സ്വത്തു സമ്പാദിച്ചു
സുരക്ഷിതത്വം തേടുകയും വേണ്ട.


യേശു പ്രസംഗം തുടർന്നു. അതേസമയം മത്തായിയുടെ ചുങ്കപ്പുരയിൽ.
നിങ്ങൾ ശിമയോൻറെ കുടിശ്ശിക പിരിക്കാൻ പോയിട്ടെന്തു പറ്റി? ഇത്തവണയും പണം തന്നില്ലെങ്കിൽ വള്ളവും വലയും ജപ്തി ചെയ്യണമെന്നു പറഞ്ഞതല്ലേ നിങ്ങളെ വിട്ടത്?
ഞങ്ങൾ ചെന്നപ്പോൾ വീട്ടിൽ ആരുമില്ല. വീടിൻറെ മേൽക്കൂര പൊളിഞ്ഞു കിടക്കുന്നു. ചുഴലിക്കാറ്റ് പോലെ.


എന്നാലും വള്ളം ജപ്തി ചെയ്യാമെന്നു കരുതി കടൽത്തീരത്തു ചെന്നു.
അങ്ങോട്ടേക്ക് അടുക്കാൻ മേലാത്തത്ര ജനക്കൂട്ടം. ശിമെയോൻറെ വള്ളത്തിൽ യേശു.
?!


അദ്ദേഹത്തിന്റെ വാക്കു കേട്ടപ്പോൾ ഞങ്ങൾ എല്ലാം മറന്നു.
എന്നാൽ ഇവിടുത്തെ ജോലിയുടെ കാര്യവും നിങ്ങൾക്കു മറക്കാം.


ഇതുപോലൊരു മനുഷ്യനും ഇതുവരെ സംസാരിച്ചിട്ടില്ല.
ആ വാക്കു കേട്ടിരിക്കുമ്പോൾ എന്തൊരു സമാധാനവും ശാന്തിയുമാണു ഹൃദയത്തിലുണ്ടാകുക.


അവസാനം അദ്ദേഹം ഒരു ചോദ്യം ചോദിച്ചു.


എന്താണത്?
മനുഷ്യാ, നീ ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ നിനക്കെന്ത് പ്രയോജനം?



അതാ അദ്ദേഹം ഇങ്ങോട്ടു വരുന്നു. ജന ക്കൂട്ടം പിറകേയുണ്ട്.
ലോകം മുഴുവൻ നേടിയാലും എന്തു പ്രയോജനം?



ഗുരോ, എൻറെ മനസ്സ് ആകെ കലങ്ങിമറിഞ്ഞിരിക്കുന്നു. ഞാൻ ഏറെ സമ്പാദിച്ചു. പക്ഷേ...... എൻറെ ആത്മാവ് നഷ്ടപ്പെടാതിരിക്കാൻ ഞാൻ എന്തു ചെയ്യണം?
എന്നെ അനുഗമിക്കൂ.



ഞാനൊരു ചുങ്കക്കാരനാണ്. പാപിയാണ് ഈ ഞാൻ?
മനുഷ്യപുത്രൻ പാപികളെ തേടിയാണു വന്നിരിക്കുന്നത്.


ഗുരോ, എങ്കിൽ ഇന്ന് അങ്ങും ശിഷ്യന്മാരും എൻറെ വീട്ടിൽ അത്താഴത്തിനു വരണം.
തീർച്ചയായും.

യേശു ചുങ്കക്കാരനെ ശിഷ്യനാകാൻ വിളിച്ചതും അവന്റെ വീട്ടിൽ വിരുന്നിനു പോകാമെന്നു സമ്മതിച്ചതും ജനങ്ങൾക്കിടയിൽ ചർച്ചാവിഷയമായി.




നമ്മൾ അയാളുടെ വീട്ടിൽ പോയാൽ ജനം നമ്മെ വെറുക്കും, ഒറ്റപ്പെടുത്തും.
അവിടെ വേറെയും ചുങ്കക്കാരുണ്ടാവും. വേശ്യകളും ഉണ്ടെന്നാണ് കേൾവി.
ദുഷ്ടന്മാരുടെ സമ്പർക്കം വെടിയണം എന്നല്ലേ നിയമം അനുശാസിക്കുന്നത്?


നിയമത്തിന്റെ കാതൽ സ്നേഹമാണെന്നു മനസ്സിലാക്കുവിൻ.


മത്തായി ഒരുക്കിയ വിരുന്നിൽ അയാളുടെ ധാരാളം സ്നേഹിതർ പങ്കെടുത്തു.
ശാലോം, ഈ ഭവനത്തിനു സമാധാനം.
ശാലോം. ഗുരോ, അങ്ങേയ്ക്കു സ്വാഗതം. അങ്ങയുടെ സാന്നിധ്യത്തിൽ എൻറെ ഭവനം ധന്യമായി. സഹോദരങ്ങളേ വരുവിൻ.


ഗുരോ, അങ്ങു ദൈവരാജ്യ
ത്തെക്കുറിച്ചു
ഞങ്ങളോട്സം സംസാ
രിക്കുകയില്ലേ?
അങ്ങയുടെ
വാക്കു ഞങ്ങൾ
ക്കും കേൾക്കണം.
നിങ്ങൾ ഗുരുവിനെ
ശല്യപ്പെടുത്താതിരി
ക്കിൻ.
ഇല്ല, അതു
ശല്യമല്ല. ഞാൻ ഒരു
കഥ പറയാം. ഒരു
ഇടയനു നൂറ് ആടുകൾ
ഉണ്ടായിരുന്നു.



ഒരു ദിവസം വൈകുന്നേരം ആലയിലേക്കു കൊണ്ടുപോകുന്നതിനു മുമ്പ് എണ്ണി നോക്കിയപ്പോൾ ഒന്നിനെ കാണാനില്ല.





അയാൾ തൊണ്ണൂറ്റൊമ്പതിനെയും മലയിൽ വിട്ടിട്ട് കാണാതായ ആടിനെ തേടി പുറപ്പെട്ടു.


അതിനെ കണ്ടുകിട്ടിയപ്പോൾ സന്തോഷത്തോടെ തോളിലേറ്റി അവൻ വീട്ടിലേക്ക് കൊണ്ടുപോയി.




അയാൾ തൻറെ കൂട്ടുകാരെ എല്ലാം വിളിച്ചു വരുത്തി ഒരു വിരുന്നു നടത്തി. അയാൾ പറഞ്ഞു, കൂട്ടുകാരേ എന്നോടൊത്തു സന്തോഷിക്കുവിൻ. നഷ്ടപ്പെട്ടുപോയ എൻറെ ആടിനെ ജീവനോടെ എനിക്കു തിരിച്ചു കിട്ടിയിരിക്കുന്നു.
!


അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെ കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ചു സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും.


കർത്താവെന്നും എൻറെ ഇടയൻ
കുറവില്ലൊന്നുമെനിക്കവിടെ.....

തന്റെ സ്വത്തു മുഴുവൻ ദരിദ്രർക്കു ദാനം ചെയ്തിട്ടു മത്തായി യേശുവിനെ അനുഗമിച്ചു. ഒരു സാബത്തു ദിവസം അവർ ഗോതമ്പു വയലിലൂടെ പോവുകയായിരുന്നു.




ഇതു ഭക്ഷണം
കഴിക്കലാണോ?
കൊയ്ത്തും, മെതിയും,
പാകം ചെയ്യലും, തീറ്റയും
ഒന്നിച്ചല്ലേ?


ഇതാണല്ലേ നിങ്ങളുടെ വ്യാഖ്യാനം! ദാവീദും അനുചരന്മാരും വിശന്നപ്പോൾ എന്താണു ചെയ്തതെന്ന് നിങ്ങൾ വായിച്ചിട്ടില്ലേ?



അവർ ദേവാലയത്തിൽ കടന്നു പുരോഹിതന്മാർക്ക് മാത്രം ഭക്ഷിക്കാവുന്ന കാഴ്ചയപ്പം എടുത്തു ഭക്ഷിച്ചതു നിങ്ങൾക്ക് അറിയില്ലേ?
അതു കർത്താവിൻറെ അഭിഷിക്തനായ ദാവീദായിരുന്നു.
?!!
തന്നെയുമല്ല, അവരുടെ ജീവൻ അപകടത്തിലായിരുന്നു



ഇവരോടു ചോദിച്ചുനോക്കുവിൻ, വയറു നിറയെ ആഹാരം കഴിച്ചിട്ട് എത്ര ദിവസമായെന്ന്.
വിശക്കുന്നെന്നും പറഞ്ഞു ദൈവത്തിന്റെ നിയമം ഇഷ്ടംപോലെ വളച്ചൊടിക്കാമെന്നോ?


സാബത്തു മനുഷ്യനുവേണ്ടിയാണ്. മനുഷ്യൻ സാബത്തിനു വേണ്ടിയല്ല. മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ്.
!!


യേശുവും ശിഷ്യന്മാരും സമരിയായിലെ സിക്കാർ എന്ന പട്ടണത്തിനടുത്തെത്തി.
നിങ്ങൾ പട്ടണത്തിൽ പോയി അപ്പം വാങ്ങിക്കൊണ്ടു വരുവിൻ. ഞാൻ അല്പസമയം ഇവിടെ ഇരിക്കട്ടെ.
ഞങ്ങൾ വേഗം തിരിച്ചു വരാം.

അപ്പോൾ ഒരു സമറിയാക്കാരി വെള്ളം കോരാൻ വന്നു.




ഞാൻ കോരിയ വെള്ളം
കുടിച്ചാൽ നിനക്കു
തീണ്ടലല്ലേ?


കുടിക്കാൻ ചോദിക്കുന്നത് ആരാണെന്ന് നീ അറിഞ്ഞിരുന്നെങ്കിൽ നീ എന്നോടു ചോദിക്കുകയും ഞാൻ നിനക്ക് ജീവൻറെ ജലം നൽകുകയും ചെയ്യുമായിരുന്നു.
വെള്ളം കോരാൻ നിന്റെ കയ്യിൽ പാത്രമില്ല, കയറുമില്ല.
കിണറോ ആഴമുള്ളതും. ഈ കിണർ കുഴിച്ച പിതാവായ യാക്കോബിനേക്കാൾ വലിയവനാണോ നീ?


ഈ കിണറ്റിലെ വെള്ളം കുടിച്ചാൽ വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ തരുന്ന വെള്ളം കുടിച്ചാൽ ഒരിക്കലും ദാഹിക്കുകയില്ല.
പ്രഭോ, ആ വെള്ളം എനിക്കു തരൂ!


തരാം. പോയി നിൻറെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരൂ.
എനിക്കു ഭർത്താവില്ല.


നീ പറഞ്ഞതു സത്യമാണ്. കാരണം നിനക്ക് അഞ്ച് ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ഇപ്പോഴുള്ളവൻ നിൻറെ ഭർത്താവല്ലതാനും.
അങ്ങൊരു പ്രവാചകനാണ്. പറയൂ, ഞങ്ങൾ എവിടെയാണ് ആരാധിക്കേണ്ടത്, ഈ ഗെരിസിം മലയിലോ, അതോ ജറുസലെമിലോ?


ഒരു മലയിലുമല്ല. യഥാർത്ഥ ആരാധകർ ദൈവത്തെ ആരാധിക്കേണ്ടത് ആത്മാവിലും സത്യത്തിലുമാണ്.
മിശിഹാ വരുമ്പോൾ സത്യം മുഴുവൻ ഞങ്ങളെ പഠിപ്പി ക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം.


നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണ് അവൻ.
!!

അവൾ പട്ടണത്തിലേക്ക് ഓടി. ശിഷ്യന്മാർ ഭക്ഷണവുമായി വന്നു.





ആ സ്ത്രീ പറഞ്ഞതു കേട്ടു പട്ടണവാസികൾ യേശുവിൻറെ അടുക്കലേക്കു വന്നു.
ഗുരോ,അങ്ങയുടെ വചനം ഞങ്ങൾക്കും കേൾക്കണം.
നിത്യജീവൻ നൽകുന്ന ജലം ഞങ്ങൾക്കും നൽകണം.
അങ്ങു ഞങ്ങളുടെ കൂടെ വസിക്കണം.



യേശു രണ്ടുദിവസം അവരുടെ കൂടെ താമസിച്ചു. അതിനുശേഷം യാത്ര പുറപ്പെട്ടപ്പോൾ.
നീ പറഞ്ഞത് കേട്ട് ഇദ്ദേഹം ഒരു പ്രവാചകനാണെന്നു ഞങ്ങൾ വിശ്വസിച്ചു.
എന്നാൽ ഇത് ലോകരക്ഷകനാണെന്നു ഞങ്ങൾക്കു ബോധ്യമായി.
അധഃകൃതരെന്നു പറഞ്ഞ് യഹൂദർ അവഹേളിച്ചിരുന്ന ഞങ്ങളുടെ കൂടെ വസിക്കാൻ അങ്ങു മനസ്സായല്ലോ.


യേശു രണ്ടുദിവസം അവരുടെ കൂടെ താമസിച്ചു. അതിനുശേഷം യാത്ര പുറപ്പെട്ടപ്പോൾ.
നീ പറഞ്ഞത് കേട്ട് ഇദ്ദേഹം ഒരു പ്രവാചകനാണെന്നു ഞങ്ങൾ വിശ്വസിച്ചു.
എന്നാൽ ഇത് ലോകരക്ഷകനാണെന്നു ഞങ്ങൾക്കു ബോധ്യമായി.
അധഃകൃതരെന്നു പറഞ്ഞ് യഹൂദർ അവഹേളിച്ചിരുന്ന ഞങ്ങളുടെ കൂടെ വസിക്കാൻ അങ്ങു മനസ്സായല്ലോ.

അവർ വീണ്ടും കഫർണാമിലെത്തി. സാബത്ത് ദിവസം യേശു സിനഗോഗിൽ പ്രവേശിച്ചു. അവിടെ കൈ ശോഷിച്ച ഒരു മനുഷ്യനുണ്ടായിരുന്നു. യേശു അയാളോട്.




സാബത്തിൽ നന്മ ചെയ്യുന്നതോ, തിന്മ ചെയ്യുന്നതോ, ജീവൻ രക്ഷിക്കുന്നതോ നശിപ്പിക്കുന്നതോ, ഏതാണു നിയമാനുസൃതം?


പറയുവിൻ നിയമം
എന്തനുശാസിക്കുന്നു?
?!


അവർ നിശ്ശബ്ദരായിരുന്നു. യേശു അവരുടെ ഹൃദയ കാഠിന്യത്തിൽ ദുഃഖിച്ചു കോപത്തോടെ.
!!


നിൻറെ
കൈ നീട്ടൂ.


അവൻ കൈനീട്ടി
അതു സുഖപ്പെട്ടു.
ദൈവത്തിനു സ്തോത്രം.
!?


നിയമം വ്യാഖ്യാനിക്കാൻ പഠനവും ഔദ്യോഗിക അംഗീകാരവുമുള്ള നിയമജ്ഞർ ഇവിടെയുണ്ട്.
പരിശുദ്ധ സാൻഹെദ്രിൻ സംഘത്തിൻറെ സാക്ഷ്യപത്രമില്ലാതെ തോന്നിയതുപോലെ നിയമം വ്യാഖ്യാനിക്കുന്നതു തെറ്റാണ്. വലിയ പാപമാണ്.



ആറു ദിവസം കൊണ്ടു സൃഷ്ടികർമ്മം പൂർത്തിയാക്കി. ഏഴാം ദിവസം ദൈവം വിശ്രമിച്ചു. ആ വിശ്രമത്തിൽ പങ്കുചേരുന്നതിനാണു സാബത്തു നിയമം.


രോഗശാന്തി നൽകുന്നതു വൈദ്യൻറെ ജോലിയാണ്. നിയമപ്രകാരം സാബത്തിൽ വിലക്കപ്പെട്ടിരിക്കുന്ന ജോലി.


ദൈവത്തിൻറെ വിശ്രമം നിഷ്ക്രിയത്വമല്ല. എൻറെ പിതാവ് എന്നും പ്രവർത്തിക്കുന്നു. സകല സൃഷ്ടികൾക്കും ജീവനും രക്ഷയും നൽകുന്നതാണ് ആ പ്രവർത്തനം.
!!


മർദ്ദിതർക്കു
മോചനം നൽകാൻ
വേണ്ടിയാണു
പിതാവ് എന്നെ
അയച്ചിരിക്കുന്നത്.
അവന്റെ ഹിതം
നിറവേറ്റുകയാണ്
നിയമം
അനുസരിക്കൽ.
?!


ഫരിസേയരും നിയമജ്ഞരും കോപത്തോടെ ഇറങ്ങിപ്പോയി യേശുവിനെതിരേ ഗൂഢാലോചന നടത്തി.
അവൻ സാബത്തു ലംഘിക്കുക മാത്രമല്ല സർവ്വശക്തനെ പിതാവെന്നു വിളിക്കുകയും ചെയ്യുന്നു.
ദൈവത്തെപ്പോലെ താനും പ്രവർത്തിക്കുന്നു എന്നല്ലേ പറഞ്ഞത്? എന്തൊരു ധിക്കാരം!
ധിക്കാരം മാത്രമല്ല, കടുത്ത ദൈവദൂഷണവും.


ഇനി അവൻ ജീവിച്ചിരുന്നുകൂടാ. സാൻഹദ്രിൻ സംഘത്തെ അറിയിച്ച് അവനെ വക വരുത്താൻ വഴി അന്വേഷിക്കണം.

യേശുവിൻറെ വിമോചന പ്രവർത്തനം
മതാധികാരികളെ കോപാകുലരാക്കി.
അവനെ വധിക്കാൻ
അവർ വഴികളന്വേഷിച്ചു. യേശുവാകട്ടെ നി
ശ്ചയദാർഢ്യത്തോടെ തന്റെ പ്രവർത്തനം
തുടർന്നു. പുതിയൊരു സമൂഹത്തിന്
അടിത്തറ പാകി.

അടുത്ത ചിത്രകഥ

# വരാനിരുന്നവൻ

# ചോദ്യങ്ങൾ

1. കുഷ്ഠരോഗിയെ ആളുകൾ ആട്ടിയോടിക്കാൻ കാരണമെന്ത്?
2. എന്തായിരുന്നു തീവ്രവാദികളുടെ ലക്ഷ്യം?
3. ആർക്കാണു പാപം മോചിക്കാൻ അധികാരമുള്ളത്?
4. ആദ്യമേ എന്ത് അന്വേഷിക്കണം എന്നാണ് യേശു പഠിപ്പിച്ചത്?
5. മനുഷ്യപുത്രൻ ആരെ തേടിയാണു വന്നത്?
6. യേശു നൽകിയ വിമോചനത്തിന്റെ നാല് ഉദാഹരണങ്ങൾ പറയുക.
7. യേശുവിനു ദുഃഖവും കോപവും ഉണ്ടാകാൻ കാരണമെന്ത്?
8. ഫരിസേയരും നിയമജ്ഞരും യേശുവിനെ വധിക്കാൻ ആലോചിച്ചത് എന്തുകൊണ്ട്?
9. മനുഷ്യൻ ഇന്നു പണം സമ്പാദിക്കാൻ ശ്രമിക്കുന്നത് എന്തുകൊണ്ട്? എങ്ങനെ?
10. യഥാർത്ഥവും പൂർണവുമായ മോചനം ലഭിക്കാൻ എന്തു ചെയ്യണം?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും